ചെയ്തില്ല. കഴിഞ്ഞ കാലങ്ങളിൽ മൺസൂൺ കാലത്തുമാത്രമാണ് കടലാക്രമണം ഉണ്ടായത്. എന്നാൽ ഈ പ്രദേശങ്ങളിൽ ഡിസംബർ മാസത്തിലും ജനുവരി മാസത്തിലും കടലാക്രമണമുണ്ടായി. പട്ടയം ലഭിച്ച പട്ടയഭൂമിയാണ് നഷ്ടപ്പെട്ടത്. വീടുകളും നഷ്ടപ്പെട്ടു. അതുകൊണ്ട് ഏതെങ്കിലും തരത്തിൽ പണം കണ്ടെത്തി അടിയന്തരമായി അവിടെ കടൽഭിത്തി കെട്ടണമെന്ന് ആവശ്യപ്പെടുകയാണ്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : മാരാരിക്കുളം തെക്ക് പഞ്ചായത്തിലെ 8,9,10 വാർഡുകളിലെ തീര

11A.M.] പ്രദേശങ്ങൾ കടലാക്രമണത്തിന് വിധേയമാകുന്ന പ്രദേശങ്ങളിൽ ഒന്നാണ്. ഏകദേശം ഒന്നര കിലോമീറ്റർ ദൂരം കടൽഭിത്തി നിർമ്മിക്കേണ്ടതായിട്ടുണ്ട്. കടലാക്രമണത്തിന് വിധേയമായ നിലവിലുള്ള 480 മീറ്റർ നീളത്തിൽ കടൽഭിത്തിയുടെ അറ്റകുറ്റ പണികൾ ചെയ്യുന്നതിന് 24 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 7 പണികൾക്കായി മൂന്നു പ്രാവശ്യം ടെണ്ടറുകൾ ക്ഷണിച്ചു, എങ്കിലും കരാറുകാർ ആരും തന്നെ പണി ഏറ്റെടുക്കാൻ മുന്നോട്ടു വന്നില്ല. കൂടിശ്ശികത്തുക കൊടുത്ത് തീർക്കാനുണ്ട് എന്നതാണ് കാരണം. കടൽഭിത്തിയുടെ മെയിന്റനൻസിനുവേണ്ടിയുള്ള പുതിയ പണികൾ ഏറ്റെടുക്കുന്നതിന് നിയന്ത്രണം നിലവിലുള്ളതിനാലും ഈ പണികൾ ഏറ്റെടുക്കാൻ സാദ്ധ്യമാവില്ല. ഈ പ്രദേശത്തെ വി.എൽ.എസ് 106-നും 107-നും ഇടയ്ക്ക് 150 മീറ്റർ നീളത്തിൽ ഭിത്തി പുനർനിർമ്മാണം നടത്തുന്നതിന് 18 ലക്ഷം രൂപ എസ്റ്റിമേറ്റ് തുകയുള്ള 3 പണികൾക്ക് അനുമതി നൽകുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ ഇതിന് നടപടി സ്വീകരിക്കാനാവൂ.

(9) അന്ധകാരനഴിയിലെ ഷട്ടർ അടയ്ക്കാത്തതുമൂലം ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്നത് സംബന്ധിച്ച്

ശ്രീമതി കെ. ആർ. ഗൗരിയമ്മ : സർ, അന്ധകാരനഴിയുടെ പ്രശ്നം ഇവിടെ ആണ്ടുതോറും പറയാറുള്ളതാണ്. സാധാരണ അവിടെ ഷട്ടർ അടയ്ക്കാറുള്ളതാണ്. ഷട്ടർ ഇടുകയാണെങ്കിൽ മത്സ്യത്തിന് വില കൂടുന്നയവസരത്തിൽ ഷട്ടർ തല്ലിപ്പൊളിക്കുന്നതുമൂലം അവിടെ കടൽ കയറുന്നു. ആ പ്രദേശത്ത് ഏറ്റിറക്കം ഒരുകാലത്തും ഉണ്ടാകുന്നില്ല. ഏറ്റം മാത്രമേ ഉണ്ടാകുകയുള്ളൂ. അതുകൊണ്ടാണ് ഷട്ടർ ഉണ്ടാക്കിയത്. ഷട്ടർ തല്ലിപ്പൊളിച്ച് കഴിഞ്ഞതിനുശേഷം കഴിഞ്ഞ രണ്ട് മൂന്ന് കൊല്ലത്തിന് മുൻപ് അടയ്ക്കാതെ വന്നപ്പോൾ ഒക്റ്റോബറിന് മുൻപ് അത് അടയ്ക്കണമെന്ന് ഹൈക്കോടതി ഒരു നിർദ്ദേശം കൊടുത്തു. കഴിഞ്ഞ കൊല്ലം ഇത് അടച്ചില്ല. ആയിരത്തോളം മണൽ വാരൽ തൊഴിലാളികൾ അവിടെയുണ്ട്. അവർ കഴിഞ്ഞ കൊല്ലം അവിടെ ഭിത്തി കെട്ടാൻ നോക്കി. ഒരു പ്രാവശ്യം അവർ കെട്ടി. അത് കടൽ കയറി പോയതുകൊണ്ട് രണ്ടാമത് കെട്ടിയില്ല. ഈ കൊല്ലം ഇതേവരെ കെട്ടിയടച്ചില്ല. ഏറ്റവും നല്ല തെങ്ങുകൾ അവിടെയാണുള്ളത്. ആ പ്രദേശത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ ഉപ്പുവെള്ളം കയറി കെട്ടിക്കിടന്ന് തെങ്ങിന്റെ മണ്ട ചീഞ്ഞ് പോയിരിക്കുകയാണ്. അതുപോലെ തുറവൂർ കരിനില വികസന ഏജൻസി അവിടെ നടക്കുന്നുണ്ട്. അവിടെയും പള്ളിത്തോടു വരെയുള്ള കരിനിലങ്ങളിൽ ഉപ്പുവെള്ളം കയറിയിരിക്കുന്നു. കളക്ടറോട് പറഞ്ഞുനോക്കി. അവിടെ ഷട്ടർ അടയ്ക്കാൻ ടെണ്ടർ വിളിക്കും. പക്ഷേ ആരും ടെണ്ടർ പിടിക്കാൻ കാണുകയില്ല. കാരണം ആളുകൾക്ക് കാശ് കൊടുക്കുകയില്ല. ഈ അന്ധകാരനഴി മണ്ണിട്ടാൽ അടയുകയില്ല. അടച്ചാൽ തന്നെ മഴയും വലിയ വെള്ളപ്പൊക്കവും വന്നാൽ മാത്രമേ ഉപ്പുവെള്ളം തീരുകയുള്ളൂ. ഇത് ഒന്ന് ശരിയാക്കിത്തരണമെന്ന് മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, അന്ധകാരനഴി റെഗുലേറ്ററിൽ തെക്കും വടക്കുമായി 10 ഷട്ടറുകൾ വീതമാണ് ഉള്ളത്. 25-1-1999-ൽ റഗുലേറ്റർ അടച്ചപ്പോൾ 7 ഷട്ടറുകളിൽ അറ്റകുറ്റപ്പണി നടത്തേണ്ട സ്ഥിതിയായിരുന്നു. അടച്ച് കഴിഞ്ഞ ഷട്ടറിൽ വെള്ളത്തിന്റെ തള്ളൽ ഉണ്ടായപ്പോൾ തെക്കുവശത്ത് പലക ഉപയോഗിച്ച് താൽക്കാലികമായി ഷട്ടർ അടച്ച് വച്ചു. അത് രണ്ട് ദിവസം കഴിഞ്ഞപ്പോൾ വീണ്ടും തള്ളിപ്പോയി. തെക്കുവശത്തുള്ള രണ്ടും വടക്കുവശത്തുള്ള ഒരു ഷട്ടറിൽ കൂടിയുമാണ് വെള്ളം കയറിയത്. അതുമൂലം കടലും റഗുലേറ്ററും ചേരുന്നിടത്ത് മണൽത്തിട്ട ഉണ്ടാകാറില്ല. ഈ ഒഴുക്ക് നിൽക്കാതെ മണൽത്തിട്ട രൂപപ്പെടുകയില്ല. ഇപ്പോൾ ജില്ലാ പഞ്ചായത്തുവഴി ഇത് നന്നാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 3.47 ലക്ഷം രൂപയാണ് ഇതിന് വേണ്ടത്. നേരത്തെ ടെണ്ടർ ചെയ്തപ്പോൾ ആരും എടുക്കാത്തതുകൊണ്ട് ഒരു ജനകീയാസൂത്രണ കമ്മിറ്റിയെ കൊണ്ട് എഗ്രിമെന്റ് ഒപ്പിടുവിച്ചിട്ടുണ്ട്. 15 ദിവസത്തിനകം ഷട്ടർ മാറ്റിയിടാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(10) മോട്ടോർ തൊഴിലാളി ഫെഡറേഷന്റെ സെക്രട്ടേറിയറ്റ് ധർണ

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, 10 ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന മോട്ടോർ വ്യവസായ രംഗത്തെ തൊഴിലാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ട് ഇന്ന് സംസ്ഥാന വ്യാപകമായി മോട്ടോർ തൊഴിലാളി ഫെഡറേഷന്റെ (AITUC) നേതൃത്വത്തിൽ സമരം നടത്തുകയാണ്. അതിന്റെ ഭാഗമായി സെക്രട്ടറിയേറ്റിലും വിവിധ ജില്ലാ കളക്ടറേറ്റുകളുടെ മുൻപിലും പ്രകടനവും ധർണയും നടക്കുകയാണ്. 1986-ൽ തുടങ്ങിയ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ പ്രധാനമായും സ്വകാര്യബസിലെ തൊഴിലാളികൾ മാത്രമാണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. പതിനായിരം ബസിൽ നിന്നും ഏകദേശം നാൽപ്പതിനായിരത്തോളം തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഏകദേശം 30 ശതമാനം തൊഴിലാളികൾ, മറ്റു മേഖലകളിലെ ലോറി, ടാക്സി തുടങ്ങിയ ലൈറ്റ് മോട്ടോർ വാഹനങ്ങളിലെ തൊഴിലാളികൾ, ഓട്ടോറിക്ഷാ തുടങ്ങിയ മേഖലകളിലെ വളരെ കുറച്ച് തൊഴിലാളികൾ മാത്രമാണ് ക്ഷേമനിധിയിൽ ചേർന്നിട്ടുള്ളത്. ഇവരിൽ നല്ല ശതമാനം

LIBRARY ARCHIVES Kerala Legislative Assembly